# പതിനാലാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.700** **04.03.2020-ൽ മറുപടിയ്ക്ക്**

### വിദേശരാജ്യങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതി

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.സി.മമ്മൂട്ടി** | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ട യുവജനങ്ങൾക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതി പ്രകാരം ഏതെല്ലാം രാജ്യങ്ങളിൽ തൊഴിൽ നേടാനായിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് ഹോട്ടൽ മാനേജ്മെന്റ്, **Pipe Fabricator/Fitter Industrial electrician** എന്നീ കോഴ്സുകളിൽ പരിശീലനം നല്കി യു.എ.ഇ, സൗദി അറേബ്യ, ഒമാൻ ഖത്തർ മുതലായ വിദേശരാജ്യങ്ങളിൽ **360** പേർക്ക് തൊഴിൽ ലഭ്യമാക്കാനായിട്ടുണ്ട്.<br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നൈപുണ്യ വികസന പദ്ധതി മുഖേന പരിശീലനം ലഭിച്ച **23** ഉദ്യോഗാർത്ഥികൾക്ക് യു.എ.ഇ.യിൽ ജോലി ലഭിച്ചിട്ടുണ്ട്. |
| (ബി) | പോളണ്ടിലെ തൊഴിൽ മേഖലയിൽ അവസരം ലഭിക്കുന്നതിന് എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (ബി) | ഇന്ത്യയിലെ പോളിഷ് എംബസിയിലെ ചേംബർ ഓഫ് കൊമേഴ്സിന്റെ പ്രതിനിധികളുമായി വകുപ്പ് മന്ത്രി കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. പോളണ്ടിൽ നിലവിലുള്ള വിവിധ തൊഴിൽ മേഖലയിലേയ്ക്ക് പോളണ്ട് സർക്കാരിന്റെ അനുമതിയോടെ കുട്ടികളെ അയയ്ക്കുന്ന കാര്യത്തിൽ തുടർ ചർച്ചകൾ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**